"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:205/ഡിഡി2/2020/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23/07/2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കോവിഡ് 19 നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച്

സൂചന:- 1. സ.ഉ.(സാധാ) നം.404/2021/ഡി.എം.ഡി. തീയതി 06.05.2021
2. സ.ഉ.(സാധാ) നം.467/2021/ഡി.എം.ഡി. തീയതി 15.06.2021
3. സ.ഉ.(സാധാ) നം.500/2021/ഡി.എം.ഡി. തീയതി 06.07.2021
4. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 05.07.2021-ലെ 2165/ഇ.ജി.എസ്.സി1/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

**********************

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലുള്ള പ്രവൃത്തികൾ 5 പേർ വരെയുള്ള ഗ്രൂപ്പുകളായി കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഏറ്റെടുക്കാവുന്നതാണെന്ന് സംസ്ഥാനത്ത് ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള സൂചന (1) ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൊവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അടിസ്ഥാനമാക്കി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തരം തിരിച്ച് ലോക്ക് ഡൗണിന്റെ ചില ഇളവുകൾ ടെസ്റ്റ് പോസിറ്റിവിറ്റി കുറവുള്ള മേഖലകളിലേക്ക് വ്യാപിപ്പിച്ചും ടി.പി.ആർ. കൂടുതലുള്ള പ്രദേശങ്ങളിൽ കർശന നിയന്ത്രണങ്ങൾ നടപ്പിലാക്കിയും തുടർ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുകയുണ്ടായി. ഇത്തരത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളെ എ,ബി,സി,ഡി എന്നിങ്ങനെ തിരിച്ച് നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും ദേശീയ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികളിൽ ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നതായും ആയത് പരിഹരിക്കുന്നതിന് ഉചിതമായ മാർഗ്ഗനിർദ്ദേശം നൽകി പദ്ധതി നടത്തിപ്പ് സുഗമമാക്കണമെന്നും സൂചന (4) പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോവിഡ് നിയന്ത്രണങ്ങൾ മൂലം ജനങ്ങളുടെ തൊഴിൽ സാധ്യതകളും വരുമാനവും പരിമിതപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ട് പോകേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നതിനാൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തൊഴിലുറപ്പ് പ്രവൃത്തികൾ നിർത്തി വയ്ക്കാൻ തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് തീരുമാനം എടുക്കാൻ പാടില്ലാത്തതാണ്. അത്തരമൊരു സാഹചര്യം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് നിലവിലുള്ളതായി ഭരണസമിതിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം ആ വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ മുൻകൂർ അനുമതിയോടെ മാത്രം പ്രവൃത്തികൾ നിർത്തി വയ്ക്കാവുന്നതുമാണ്.

2. തൊഴിലുറപ്പ് ജോലിയിൽ പങ്കെടുക്കുന്നതിന് തൊഴിലാളികൾ കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റോ വാക്സിനേഷൻ സർട്ടിഫിക്കറ്റോ ഹാജരാക്കണമെന്ന തരത്തിലുള്ള നിബന്ധനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്താൻ പാടില്ലാത്തതാണ്.

3. എഴുപത്തഞ്ച് വയസ്സിന് മുകളിൽ പ്രായമുള്ള തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് നിലവിലുള്ള വിലക്ക് ഒഴിവാക്കാവുന്നതാണ്. ഈ പ്രായത്തിലുള്ള തൊഴിലാളികളുടെ വാക്സിനേഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 24-07-2021 11:15:30
Reason: Approved

സെക്ഷൻ ഓഫീസർ.

പകർപ്പ്

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/ ജില്ലാ കളക്ടർമാർക്കും
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(75 വയസ്സിന് മേൽ പ്രായമുള്ള ദേശീയ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്ക് കോവിഡ്-19 വാക്സിനേഷനിൽ മുൻഗണന നൽകുന്നത് പരിഗണിക്കുന്നതിലേക്കായി )
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി